# ഒരു ദുർവ്യാഖ്യാനത്തിന് മറുപടി

ശാഫി സ്വലാഹി ചങ്ങലീരി

---

സുബ്ഹി നമസ്കാരത്തിൽ ഖുനൂത്ത് ഓതൽ നബിചര്യയിൽ സ്ഥിരപ്പെട്ടതല്ല. എന്നാൽ ശാഫിഈ മദ്ഹബിലെ പണ്ഡിതന്മാർ അതിനെ അനുകൂലിച്ചിട്ടുമുണ്ട്. ഇവിടെ നാം ചെയ്യേണ്ടത് ആമുഖത്തിൽ പറഞ്ഞതുപോലെ മദ്ഹബിന്റെ ഇമാമുമാരുടെ വസ്വിയ്യത്ത് സ്വീകരിച്ചുകൊണ്ട് സുന്നത്തിലേക്ക് മടങ്ങുകയാണ്.

എന്നാൽ ബിദ്അത്തായ ഈ സമ്പ്രദായത്തെ 'സ്ഥാപിക്കാൻ' വേണ്ടി പരിശുദ്ധ ഖുർആനിനെപ്പോലും ദുരുപയോഗപ്പെടുത്താനും ദുർവ്യാഖ്യാനിക്കാനും നമ്മുടെ നാട്ടിലെ മുസ്ല്യാക്കന്മാർ ധൈര്യം കാണിച്ചിട്ടുണ്ട്. അതിനായി അവർ ദുരുപയോഗപ്പെടുത്താറുള്ളത് സൂറഃ ബഖറയിലെ 238-ാം വചനമാണ്. പ്രസ്തുത ആയത്തിൽ പറയുന്നത് സുബ്ഹിയിലെ ഖുനൂത്ത് നിർവ്വഹിക്കാനാണെന്നും അങ്ങനെ ചില പണ്ഡിതന്മാർ പറഞ്ഞിട്ടുണ്ടെന്നും പറഞ്ഞ് ചില വാറോലകൾ ഉദ്ധരിക്കുകയും ചെയ്യാറുണ്ട് ഇവർ. ഇതാ ഒരു മുസ്ല്യാർ എഴുതുന്നത് കാണുക:

**(ഖുനൂത്തും കൂട്ടുപ്രാർത്ഥനയും പേജ്: 12. കൂറ്റനാട് കെ.വി. മുഹമ്മദ് മുസ്ല്യാർ)**




**യ ലക്ഷ്യങ്ങളാൽ സ്ഥിരപ്പെട്ടതാണ് സുബ്ഹ് നമസ്കാരത്തിലെ ഖുനൂത്ത്.**

**വിശുദ്ധ ഖുർആൻ 1:138ൽ وقوموا لله قانتين എന്ന കൽപന കൊണ്ടുള്ള വിവക്ഷ സുബ്ഹ് നമസ്കാരത്തിലെ ഖുനൂത്ത് ആണെന്ന് സഈദുബ്നുൽ മുസയ്യബ് പ്രസ്താവിച്ചിട്ടുണ്ട്. (ബൈളാവി, അബുസ്സുഊദ്)**

നോക്കൂ. എത്ര വലിയ ധിക്കാരമാണിയാൾ പരിശുദ്ധ ഖുർആനിന്റെ പേരിൽ പറഞ്ഞിരിക്കുന്നത്. തികച്ചും ദുർബലമായ ചില റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിലാണ് മേൽ ബഡായി! *(എന്നാൽ ഇവിടെയുള്ള മറ്റൊരു രസം, ഇതേ മുസ്ല്യാർ തന്നെ അഞ്ച് വാള്യങ്ങളിലായി ഖുർആനിന് വ്യാഖ്യാനമെഴുതിയിട്ടുണ്ട്. അതിൽ മേൽ ആയത്തിനെ രണ്ടരപ്പേജോളം വിശദീകരിച്ചിട്ടുമുണ്ട്. എന്നാൽ അക്കൂട്ടത്തിൽ ഈ ഈയത്തിൽ ഖുനൂത്തോതാൻ തെളിവുണ്ടെന്ന് പറയുന്ന ഒരു വാക്കുപോലും പറഞ്ഞിട്ടില്ല.)*

പറഞ്ഞുവന്നത് സൂറഃ ബഖറയിലെ 238-ാം വചനത്തിൽ ഖുനൂത്തിനെ കുറിച്ച്

പറയുന്നുണ്ടോ എന്നതിനെക്കുറിച്ചാണല്ലോ. എന്നാൽ പ്രസ്തുത ആയത്ത് ഖുനൂത്തിനെ കുറിച്ചാണെന്ന വാദം തനിച്ച ദുർവ്യാഖ്യാനമാണെന്ന് ഹദീസുകളിൽ നിന്നുതന്നെ പകൽ വെളിച്ചം പോലെ വ്യക്തമാകുന്നതാണ്. അക്കാര്യം വ്യക്തമാക്കുന്ന ഒരു ഹദീസ് ഇമാം ശാഫിഇൗ(റ) തന്നെ ഉദ്ധരിക്കുന്നത് കാണുക:

(അൽ ഉമ്മ്: 1/139)



باب صلاة المريـــــض(٢)

قال الله عز وجل « حافظوا على الصلوات والصلاة الوسطى وقوموا لله قانتين » فقيل والله سبحانه وتعالى أعلم : قانتين مطيعين وأمر رسول الله ﷺ بالصلاة قائما ( قال الشافعى ) رحمه الله تعالى : وإذا خوطب بالفرائض من أطاقها فإذا كان المرء مطيقا للقيام فى الصلاة لم يجزه إلا هو إلا عند ماذكرت من الخوف .

*അർത്ഥം:* "അല്ലാഹു പറഞ്ഞു: 'എല്ലാ നമസ്കാരങ്ങളെയും ഏറ്റവും ഉൽകൃഷ്ട മായ മനസ്കാരത്തെയും നിങ്ങൾ നിലനിർത്തിപ്പോരുകയും അല്ലാഹുവിന്റ മുമ്പിൽ വിനയത്തോടുകൂടി നിങ്ങൾ നിൽക്കുകയും ചെയ്യുക' പറയപ്പെടുന്നു: (അല്ലാഹു വാണ് അതിനെക്കുറിച്ച് കൂടുതൽ അറിവുള്ളവൻ) വിനയത്തോടുകൂടിയും അനുസ രണയോടുകൂടിയും എന്നാണ് (ഈ ആയത്തിന്റെ ഉദ്ദേശ്യം) നമസ്കാരത്തിൽ അപ്ര കാരം നിൽക്കാൻ നബി(ﷺ) കൽപിച്ചിട്ടുണ്ട്." *(അൽ ഉമ്മ്: 1/139)*

മേൽ ഉദ്ധരണിയുടെ ശേഷം അദ്ദേഹം പറയുന്നത് നോക്കൂ: "കഴിവുള്ളവരോട് നിർബന്ധ നമസ്കാരം കൊണ്ട് കൽപിക്കപ്പെടുമ്പോൾ നമസ്കാരത്തിൽ നിൽക്കാൻ കഴിവുള്ളവന് നിൽക്കാതെ മറ്റൊരു രൂപത്തിൽ നമസ്കരിക്കാൻ അനുവദിക്കപ്പെട്ടിട്ടി ല്ല. യുദ്ധരംഗത്തല്ലാതെ." ഇത് പറഞ്ഞുകൊണ്ടാണ് മേൽ ആയത്തിനെ, നമസ്കാര ത്തിൽ വിനയത്തോടെ നിൽക്കണം എന്നതിന് ഇമാം ശാഫിഇൗ(റ) തെളിവാക്കുന്ന ത്.

അപ്പോൾ മുസ്ല്യാക്കന്മാരുടെ ഖുർആൻ ദുർവ്യാഖ്യാനങ്ങൾക്കുള്ള എത്ര വ്യക്ത മായ മറുപടിയാണ് ഇമാം ശാഫിഇൗ(റ) ഇവിടെ നൽകിയിരിക്കുന്നത്. മാത്രമല്ല, അദ്ദേഹം ഈ ആയത്ത് നൽകിയിരിക്കുന്നത് 'രോഗിയുടെ നമസ്കാരം' എന്ന അദ്ധ്യാ യത്തിലാണ്; സുബ്ഹി നമസ്കാരത്തിലെ ഖുനൂത്ത് എന്ന അദ്ധ്യായത്തിലല്ല എന്നത് പ്രത്യേകം ശ്രദ്ധിക്കുക!